# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5348 | 05.07.2012- ൽ മറുപടിക്ക്

### കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതിയ്ക്കും നിലനിൽപ്പിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (എ) കൈത്തറി വ്യവസായത്തിനായി 2012-13 ബഡ്ജറ്റിൽ കേന്ദ്ര വിഹിതമുൾപ്പെടെ 63.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 50 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>കൈത്തറി സംഘങ്ങളുടെ പ്രവർത്തന പുരോഗതിയ്ക്കും നിലനിൽപ്പിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3. ഹാൻടെക്സ്, ഹാൻവീവ്,പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു.<br>4. വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>5. കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു.<br>6. കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>7. എൽ.ഐ.സി യും കേന്ദ്രഗവൺമെന്റും / സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി എം.ജി.ബി.ബി.വൈ എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | 8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.<br>9. കൈത്തറി നെയ്ത്തുകാർക്ക് കഴിവതും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.<br>10. കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>11. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തിവരുന്നു.<br>12. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.<br>13. കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്ക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.<br>14. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.<br>15. അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.<br>16. കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ട്.<br>17. ഫാക്ടറിയേതര സൊസൈറ്റികളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.<br>18. ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധതൊഴിലാളികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.<br>19. കൈത്തറി മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കുന്നു. |
| (ബി) | സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നിന്ന് ലഭിച്ച വിവിധ സീസണുകളിലെ റിബേറ്റ് ക്ലെയിമുകളുടെ അടിസ്ഥാനത്തിലുള്ള റിബേറ്റ് കുടിശ്ശിക ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. |

| ജില്ലകൾ | റിബേറ്റ് കുടിശ്ശിക |
|---|---|
| തിരുവനന്തപുരം | 21,08,858/- |
| കൊല്ലം | 50,49,659/- |
| പത്തനംതിട്ട | 2,500/- |
| ആലപ്പുഴ | 35,393/- |
| കോട്ടയം | 1,40,157/- |
| ഇടുക്കി | 3,11,937/- |
| എറണാകുളം | 82,24,720/- |
| തൃശ്ശൂർ | 26,84,302/- |
| പാലക്കാട് | 49,77,358/- |
| കോഴിക്കോട് | 1,10,55,934/- |
| വയനാട് | 2,34,417/- |
| കണ്ണൂർ | 2,28,04,239/- |
| കാസർഗോഡ് | 20,35,312/- |
| **ആകെ** | **5,96,64,786/-** |

| | | | |
|---|---|---|---|
| (സി) | കുടിശ്ശിക തുക എന്നത്തേയ്ക്ക് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | റിബേറ്റ് ക്ലെയിമുകൾ പരിശോധിച്ച് അർഹതയുള്ളവർക്ക് റിബേറ്റ് തുക നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**